# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1303

13.12.2012 ൽ - മറുപടിക്ക്

## റേഷൻ സബ്സിഡി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര സംസ്ഥാന സബ്സിഡി ബാങ്ക് വഴിയാക്കുന്നതിലൂടെ അരി, ഗോതമ്പ്, മണ്ണെണ്ണ എന്നിവയ്ക്ക് കിലോയ്ക്ക് യഥാക്രമം എത്ര രൂപ വെച്ച് കാർഡുടമകൾ റേഷൻകടകളിൽ നൽകേണ്ടി വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്; | (എ) | എ.പി.എൽ. കാർഡുകൾക്ക് അനുവദിച്ചിട്ടുള്ള സംസ്ഥാന സബ്സിഡി ബാങ്ക് വഴിയാക്കുന്നതിലൂടെ നിലവിൽ കിലോഗ്രാമിന് 2 രൂപയ്ക്ക് നൽകുന്ന അരിക്ക് 8.90 രൂപയും കിലോഗ്രാമിന് 2 രൂപയ്ക്ക് നൽകുന്ന ഗോതമ്പിന് 6.70 രൂപയും നൽകേണ്ടി വരും. മണ്ണെണ്ണക്ക് നിലവിൽ സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നില്ല. സബ്സിഡി ഇല്ലാതെയുള്ള മണ്ണെണ്ണയുടെ കേന്ദ്രനിരക്ക് 62.46 രൂപയാണ്. |
| (ബി) അരിയ്ക്ക് കിലോയ്ക്ക് 20 രൂപയ്ക്ക് മുകളിലും, ഗോതമ്പിന് കിലോയ്ക്ക് 15 രൂപയ്ക്കുമുകളിലും, റേഷൻ കടകളിൽ കാർഡുടമകൾ ബി.പി.എൽ, എ.എ.വൈ, എ.പി.എൽ വ്യത്യാസമില്ലാതെ നൽകേണ്ടിവരും എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നിലവിൽ എ.പി.എൽ. കാർഡുടമകൾക്ക് മാത്രമാണ് സംസ്ഥാന സബ്സിഡി പണം ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറാൻ തീരുമാനമായിട്ടുള്ളത്. ഇതുപ്രകാരം കിലോഗ്രാമിന് 2 രൂപയുടെ അരി സബ്സിഡി തുകയായ 6.90 രൂപ കൂടി ചേർത്ത് 8.90 രൂപയ്ക്കും 2 രൂപയുടെ ഗോതമ്പ് സബ്സിഡി തുകയായ 4.70 രൂപ കൂടി ചേർത്ത് 6.70 രൂപയ്ക്കും വാങ്ങേണ്ടി വരും. എന്നാൽ ഈ സബ്സിഡി തുക കാലതാമസമില്ലാതെ തന്നെ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുന്നതിനാണ് നിർദ്ദേശം. |
| (സി) എങ്കിൽ ഇതു സംബന്ധിച്ച വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;<br>(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (സി) & (ഡി) | ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ